പീപ്പിൾസ് ബസാറുകൾ

204 (3954) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂപ്പർ മാർക്കറ്റുകൾ നവീകരിച്ച് പീപ്പിൾസ് ബസാറുകൾ ആക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നവീകരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; ഇതുകൊണ്ട് ജനങ്ങൾക്കുള്ള പ്രയോജനം വ്യക്തമാക്കുമോ ;

(സി) നിത്യോപയോഗ സാധനങ്ങൾ പീപ്പിൾസ് ബസാറിൽ ലഭിക്കുന്നതിനുള്ള സൗകര്യം ഒരുക്കുമോ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പ്രതിമാസം 25 ലക്ഷത്തിന് മുകളിൽ വിറ്റുവരവുള്ളതും 2500 ച.അടിയിലധികം വിസ്തീർണ്ണമുള്ളതും മതിയായ വാഹന പാർക്കിംഗ് സൗകര്യമുള്ളതും പ്രധാനപ്പെട്ട നഗരങ്ങളിൽ പ്രവർത്തിച്ചുവരുന്നതുമായ സൂപ്പർ മാർക്കറ്റുകളെ പീപ്പിൾസ് ബസാറാക്കി ഉയർത്തുന്നതിന് തീരുമാനിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി & സി) ഉണ്ട്. ഇതിനോടൊപ്പം 25 സൂപ്പർ മാർക്കറ്റുകൾ നവീകരിച്ച് പീപ്പിൾസ് ബസാറുകളാക്കി മാറ്റി നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിലുള്ള 25 പീപ്പിൾസ് ബസാറുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

ക്രമ നമ്പർ	മേഖല	സ്ഥലം
1	തിരുവനന്തപുരം	പഴവങ്ങാടി
2		കിഴക്കേക്കോട്ട
3		കൊല്ലം
4		പുനലൂർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

5		മുണ്ടക്കയം
6		പത്തനംതിട്ട
7	കോട്ടയം	അട്ടർ
8		തൊടുപുഴ
9		അടിമാലി
10		ക്ലത്താട്ടുകുളം
11		പനമ്പള്ളിനഗർ
12	എറണാകുളം	ആലപ്പുഴ
13		കൊച്ചി, ചുള്ളിക്കൽ
14		അങ്കമാലി
15		പാലക്കാട്
16		തൃശ്ശൂർ
17	പാലക്കാട്	പെരിന്തൽമണ്ണ
18		ഒറ്റപ്പാലം
19		കൊടുങ്ങല്ലൂർ
20		അങ്ങാടിപ്പുറം
21		കോഴിക്കോട്
22		മാവൂർ റോഡ്
23	കോഴിക്കോട്	കാസർഗോഡ് ഓൾഡ് ബസ്സ്റ്റാൻഡ്
24		കാസർഗോഡ് ന്യൂ ബസ്സ്റ്റാൻഡ്
25		സുൽത്താൻ ബത്തേരി
		നിലേശ്വരം

ഇതിൽ പാലക്കാട്, പത്തനംതിട്ട, കൊടുങ്ങല്ലൂർ, അട്ടൂർ, അടിമാലി, ചുള്ളിക്കൽ, അങ്കമാലി, കുത്താട്ടുകുളം, അങ്ങാടിപ്പുറം, നീലേശ്വരം എന്നീ പീപ്പിൾസ് ബസാറുകൾ അടുത്ത കാലത്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ളവയാണ്. കൂടാതെ കണ്ണൂർ ജില്ലയിലെ കണ്ണൂർ സൂപ്പർമാർക്കറ്റും കൊല്ലം ജില്ലയിലെ കൊട്ടിയം സൂപ്പർമാർക്കറ്റും പാരിപ്പള്ളി സൂപ്പർമാർക്കറ്റും പീപ്പിൾസ് ബസാറുകളാക്കി ഉയർത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

വൻകിട സ്വകാര്യ കമ്പനികൾ ആരംഭിച്ചിട്ടുള്ള ചില്ലറ വിൽപ്പന കേന്ദ്രങ്ങളിൽ ലഭ്യമാകുന്ന എല്ലാ സൗകര്യങ്ങളും സേവനങ്ങളും സാധാരണക്കാരായ ഉപഭോക്താക്കൾക്കും ലഭ്യമാക്കുകയാണ് പീപ്പിൾസ് ബസാറുകൾകൊണ്ട് ഉദ്ദേശിക്കുന്നത്. എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും പുറമേ പച്ചക്കറികളും മറ്റ് ഉപഭോക്തൃ താൽപര്യ ഉൽപ്പന്നങ്ങളും, മിൽമ, കയർ ബോർഡ്, മീറ്റ് പോഡക്ട്സ് ഓഫ് ഇൻഡ്യ തുടങ്ങിയ സർക്കാർ കമ്പനികളുടേതടക്കമുള്ള ഒരു കുടുംബത്തിന് ആവശ്യമായ വിവിധ ബ്രാന്റുകളിലുള്ള എല്ലാ ഉൽപന്നങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുകവഴി ഉപഭോക്താക്കൾക്ക് മികച്ച സാധനങ്ങൾ യഥേഷ്ടം തിരഞ്ഞെടുക്കാൻ സാധിക്കുന്നു. ആധുനിക സൗകര്യങ്ങളോടുകൂടിയ റാക്കുകൾ, ബില്ലിംഗ് രീതികൾ, ട്രോളികൾ, എന്നിവയ്ക്ക് പുറമേ എല്ലാ സാധനങ്ങളും സ്വയം പരിശോധിച്ച് ബോദ്ധ്യപ്പെട്ട് തൃപ്തിയായി തെരഞ്ഞെടുക്കാനുള്ള സൗകര്യങ്ങളും പീപ്പിൾസ് ബസാറുകളിലൂടെ സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുന്നു. സബ്സിഡി നിരക്കിലുള്ള 13 ഇനം അവശ്യസാധനങ്ങൾക്കും മറ്റെല്ലാ നിത്യോപയോഗ സാധനങ്ങൾക്കും പുറമേ പച്ചക്കറിയും മറ്റ് പ്രാദേശിക ഉപഭോക്തൃ താൽപര്യ ഉൽപ്പന്നങ്ങളും ഈ സപ്ലൈകോയുടെ വിൽപന കേന്ദ്രങ്ങളിലൂടെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നുണ്ട്.

അമ്പലപ്പുഴ മണ്ഡലത്തിലെ കർഷകർക്ക് നൽകേണ്ട നെല്ലിന്റെ സംഭരണവില

205 (3955) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ നിന്നും കഴിഞ്ഞ സീസണിൽ നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് എത്രയുക നൽകുവാനുണ്ട് എന്നും യുക എന്ന് കൊടുത്തുതീർക്കുമെന്നും വ്യക്തമാക്കുമോ ;

(ബി) കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്ന സമയത്തുതന്നെ നെല്ലിന്റെ വില കർഷകർക്ക് നൽകുവാൻ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly